9523
9/5/18

File No.FWLD-B1/43/2018-FWLD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ക്ഷീര വികസന വകുപ്പിന് പാൽപരിശോധനയ്ക്കായി തെന്മല ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന തെന്മല റെയിഞ്ചിന്റെ അധികാര പരിധിയിൽപ്പെട്ട വനം വകുപ്പിന്റെ കെട്ടിടം ഒരു വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./214/2018/വനം തീയതി, തിരുവനന്തപുരം, 05/05/2018

പരാമർശം:- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരത്തിന്റെ 16.04.2018 തീയതിയിലെ പ്രൊ(12) 13270/18 നമ്പർ കത്ത്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരത്തിന്റെ 26.04.2018 തീയതിയിലെ പ്രൊ(12) 13270/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ക്ഷീരവികസന വകുപ്പിന് പാൽ പരിശോധനയ്ക്ക് ആര്യങ്കാവിൽ സ്ഥിര സംവിധാനം ആകുന്നതുവരെ തെന്മല പാലരുവിയിൽ വനം വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ടിക്കറ്റ് കൗണ്ടർ കെട്ടിടം ഉപയോഗിക്കാൻ അനുവദിയ്ക്കണമെന്ന് ക്ഷീര വികസന വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം ക്ഷീരവികസന വകുപ്പിന് വിട്ടുനൽകുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം(1) പ്രകാരം അറിയിച്ചിരുന്നു.

2) തെന്മല റെയിഞ്ചിനു കീഴിലുള്ളതും തെന്മല സെക്ഷൻ ഹെഡ്ക്വോർട്ടേഴ്സ് പ്രവർത്തിക്കുന്നതിനായി അറ്റകുറ്റ പണികൾ പൂർത്തിയാക്കി നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ വനം വകുപ്പ് വക കെട്ടിടം ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം(2) പ്രകാരം ശുപാർശ [illegible] ചെയ്തിട്ടുണ്ട്.

<u>വ്യവസ്ഥകൾ</u>

1) ക്ഷീരവികസന വകുപ്പിന് വനം വകുപ്പ് കെട്ടിടം വാടകയ്ക്ക് അനുവദിക്കുന്നത് പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനം ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി സ്ഥാപിക്കുന്നതിനു മാത്രമാണ്.

2) ക്ഷീരവികസന വകുപ്പ് ടി കെട്ടിടത്തിന് വാർഷിക വാടകയായി 6000 രൂപ (ആറായിരം രൂപ മാത്രം) വനം വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്.

3) ഇതിലേയ്ക്കായി കൊല്ലം ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ഒരു വർഷത്തെ കാലാവധിക്ക് എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിരിക്കുന്ന മേൽ വ്യവസ്ഥകൾക്ക് വിധേയമായി തെന്മല റെയിഞ്ചിനു കീഴിലുള്ളതും തെന്മല ഹെഡ് ക്വോർട്ടേഴ്സ് പ്രവർത്തിക്കുന്നതിനായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ വനം വകുപ്പ് വക കെട്ടിടം ഒരു വർഷത്തേക്ക് ക്ഷീര വികസന വകുപ്പിന് വേണ്ടി പാൽപരിശോധന സംവിധാനം ഏർപ്പെടുത്തുന്നതിന് വാടകയ്ക്ക് നൽകുന്നതിന് വനം വകുപ്പിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ്ബ് ആന്റ് ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ